**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- 2018-19 വാർഷിക പദ്ധതിയിൽ 20% കുറവ് വരുത്തി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.13/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.01.2019.

---

| | | |
|---|---|---|
| പരാമർശം:- | 1. | 01.08.2018 ലെ സ.ഉ(സാധാ) 2113/2018/തസ്വഭവ |
| | 2. | 29.09.2018 ൽ സ.ഉ(അച്ചടി) 153/2018/ധന. |
| | 3. | തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 22.12.2018 ലെ ഇ 7/12429/സിഇ/എൽ.എസ്.ജി.ഡി. നം. കത്ത്. |

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിന് Road Network Mapping & Connectivity Plan, Modernization, Computerization, Capacity Building, e-office implementation തുടങ്ങിയ ഇനങ്ങളിൽ '2515-00-001-86' എന്ന ശീർഷകത്തിൽ നിന്ന് 1,03,60,000/- രൂപ ചിലവിട്ട് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2018 ഓഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ എല്ലാ വകുപ്പുകളിലും സംസ്ഥാന പദ്ധതിക്ക് കീഴിൽ വരുന്ന പദ്ധതി വിഹിതം 20% വെട്ടിക്കുറക്കേണ്ടതാണെന്ന് പരാമർശം 2 പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിന് ഭരണാനുമതി നൽകിയ 1,03,60,000/- രൂപയിൽ നിന്ന് 20% തുകയായ 20,72,000/- രൂപ കുറവ് ചെയ്ത് '2515-00-001-86' എന്ന ശീർഷകത്തിൽ നിന്ന് 82,88,000/- രൂപ ചിലവിട്ട് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

ടി ഭേദഗതിയോടെ പരാമർശം1 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല. സി.എസ്**

ഡെപ്യൂട്ടി സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർ/സബ് ട്രഷറി ഓഫീസർ ( *ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)*
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്.
6. തദ്ദേശ സ്വയംഭരണ(എഫ്.എം.) വകുപ്പ്
7. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
8. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ